LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. എല്ലാ മത്സ്യബന്ധന യാനങ്ങളെയും ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ മത്സ്യബന്ധനയാനങ്ങളെയും ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിന് മത്സ്യത്തൊഴിലാളികൾക്കിടയിൽ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെയും സാഗർമിത്രകളുടെയും നേതൃത്വത്തിൽ മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

പെരിങ്ങാട് കായലിലെ എക്കൽ നീക്കാൻ നടപടി

316(1062) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെ തുടർന്ന് പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് കായലിൽ മണ്ണും എക്കലും അടിഞ്ഞുകൂടി കായലിന്റെ സംഭരണശേഷി കുറഞ്ഞതുമൂലം മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയിറക്കാനും വലയിടാനും സാധിക്കാത്ത സ്ഥിതിയുണ്ടായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യ സമ്പത്തുൾപ്പെടെ നശിക്കുന്ന സാഹചര്യം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച നടപടി സ്വീകരിക്കേണ്ടത് ഇറിഗേഷൻ വകുപ്പാണ്.

പുനർഗേഹം പദ്ധതിയിലെ പരിഷ്കരണം

317(1063) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾക്ക് വ്യക്തിഗതവീടുകളും ഫ്ലാറ്റുകളും നിർമ്മിച്ചുനൽകുന്ന പുനർഗേഹം പദ്ധതിയിലെ വ്യവസ്ഥകൾ നടപ്പ് സാമ്പത്തിക വർഷം ഗുണ ഭോക്താക്കൾക്ക് അനുകൂലമായി പരിഷ്കരിച്ചിട്ടുണ്ടോ; എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കുമോ?

പുനർഗേഹം പദ്ധതിയുടെ മാർഗ്ഗരേഖ ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-9-2021-ന് യോഗം ചേർന്നിട്ടുണ്ട്.